024641

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - വെക്കേഷൻ കാലത്തു പരീക്ഷാ ഡ്യൂട്ടി/മൂല്യനിർണയ (supervision, invigilation and evaluation) ജോലിയിൽ ഏർപ്പെടുന്ന സർക്കാർ/എയിഡഡ് കോളേജിലെ സ്ഥിരം അദ്ധ്യാപകർക്ക് ആർജിത അവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്

സ.ഉ (കൈ) നം.178 /2017/ഉ.വി.വ തീയതി, തിരുവനന്തപുരം ,04.07.2017

പരാമർശം - 1) 29-04-2016 ലെ D1/06/2016/ഉ.വി.വ. നമ്പരായ സർക്കാർ കത്ത്

2) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 5-10-2016,15-5-2017, എന്നീ തിയതി കളിലെ യഥാക്രമം D1/5414/2016, B2/9553/2017/കോ.വി.വ. നമ്പർ കത്തുകൾ

**ഉത്തരവ്**

നിലവിലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം പരീക്ഷ ഡ്യൂട്ടി/മൂല്യനിർണയം **(supervision, invigilation and evaluation)** എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമായതിനാൽ വെക്കേഷൻ കാലത്തു ടി ജോലികളിൽ ഏർപ്പെടുന്ന എയ്ഡഡ് കോളേജിലെ സ്ഥിരം അദ്ധ്യാപകർക്കു ടി കാലയളവ് ആർജിത അവധി ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ലായെന്ന് പരാമർശം (1) ലെ കത്തു പ്രകാരം സർക്കാർ തീരുമാനിച്ചു.

എന്നാൽ ടി തീരുമാനം പുന:പരിശോധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിന് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. യു.ജി.സി. സ്കീം പ്രകാരം പരീക്ഷ ഡ്യൂട്ടി/ മൂല്യനിർണയം (supervision, invigilation and evaluation) എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമാണെങ്കിലും മധ്യവേനലവധിയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷയെഴുതാറുള്ളത് കണക്കിലെടുത്തും, വെക്കേഷൻ കാലയളവ് ഉപേക്ഷിച്ചുകൊണ്ട് ടി അദ്ധ്യാപകർ പരീക്ഷ/മൂല്യനിർണയ ജോലികളിൽ ഏർപ്പെടുന്നതിനാലും KSR Part 1 ചട്ടം 81 അനുസരിച്ച് പരാമർശം (1) ലെ തീരുമാനം പുന:പരിശോധിക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെയും ഇത് സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നിലവിലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം പരീക്ഷ ഡ്യൂട്ടി/മൂല്യനിർണയം (supervision, invigilation and evaluation) എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമായതിനാൽ ടി ജോലികളിൽ നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്ക് പ്രതിഫലം അനുവദനീയമല്ല. ഇതിന് വിരുദ്ധമായി പ്രതിഫലം അനുവദിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കേണ്ടതാണ്. എന്നാൽ

കെ.എസ്.ആർ. ഭാഗം 1 ചട്ടം 81 പ്രകാരം വെക്കേഷൻ കാലയളവ് ഉപേക്ഷിച്ചുകൊണ്ട് ടി ജോലികളിൽ വ്യാപൃതരാകുന്ന സർക്കാർ/എയിഡഡ് കോളേജുകളിലെ സ്ഥിരം അദ്ധ്യാപകർക്ക് ആർജിത അവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. ഉഷാ ടൈറ്റസ്**
സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം
4) ജനറൽ സെക്രട്ടറി, ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (AKPCTA ), സ്റ്റേറ്റ് കമ്മറ്റി ഓഫീസ്, മാതൃഭൂമി റോഡ്,വഞ്ചിയൂർ, തിരുവനന്തപുരം
5) ജനറൽ സെക്രട്ടറി, കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ( KPCTA), T C X / 1233, തിരുവനന്തപുരം , Pin 695015
6) ജനറൽ സെക്രട്ടറി, റിട്ടയേർഡ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ( RCTA) ,Reg.No. കെടിഎം/TC/527/2014, കോട്ടയം
7) ധനകാര്യ വകുപ്പ് (27-5-2017 ലെ U O (R)No.EDN.C1/392/2016-Fin പ്രകാരം)
8) ഐ & പി ആർ ഡി (വെബ് ആൻഡ് ന്യൂ മീഡിയ)
9) ഉന്നത വിദ്യാഭ്യാസ (B,C,F) വകുപ്പ്
10) കരുതൽ കോപ്പി / ഓഫീസ് കോപ്പി ( File No. D1/ 60/ 2016- HEdn)

ഉത്തരവിൻ പ്രകാരം
Priya
സെക്ഷൻ ഓഫീസർ

D1

Endt. No. D2/24641/2017/Coll. Edn

Copy communicated to all Govt. Arts & Science colleges, Aided colleges, Music colleges, Training colleges and Sanskrit colleges Principal for further action.

Senior A.O.
For Director of Collegiate Education